
ഏപ്രിൽ 2022

Atal Mission for Rejuvenation and Urban Transformation

# അമൃത്
# വാർത്താ പത്രിക

Azadi Ka Amrit Mahotsav

ലക്കം 12





കോഴിക്കോട് മേയറും നഗരസഭാംഗങ്ങളും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് ഉദ്യോഗസ്ഥരോടൊപ്പം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിക്കുന്നു.



കണ്ണൂർ നഗരസഭയിൽ നിർമാണം പുരോഗമിക്കുന്ന 1 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

# അമൃത് വാർത്താ പത്രിക

ഏപ്രിൽ 2022 | പുസ്തകം 1 | ലക്കം 12



## എഡിറ്റോറിയൽ

അമൃത് ഒന്നാംഘട്ട പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ആകെയുള്ള 1000 പദ്ധതികളിൽ 785 പദ്ധതികൾ നാം പൂർത്തീകരിച്ചുകഴിഞ്ഞു. അമൃത് ഒന്നാംഘട്ട പദ്ധതി കാലയളവ് 2023 മാർച്ച് 31 വരെയായി കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചിട്ടുണ്ട്. സ്വീവേജ് സെപ്റ്റേജ് മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിയ തോതിലെങ്കിലും പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നുവെന്നത് ശുഭസൂചനയാണ്. കണ്ണൂരിലും കൊല്ലത്തും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമാണം പുരോഗമിച്ചുവരുന്നു. മറ്റ് സ്ഥലങ്ങളിലും പദ്ധതികൾ ഉടൻ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് മേഖലകളിലെ പൂർത്തിയാക്കുവാനുള്ള പദ്ധതികൾ പ്രത്യേക ശ്രദ്ധ നൽകി പൂർത്തീകരണത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭൗതീക പുരോഗതിയോടൊപ്പം തന്നെ സാമ്പത്തിക പുരോഗതിയും ഉറപ്പ് വരുത്തേണ്ടതുണ്ട്.

അമൃത് 2.0 പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായുള്ള വിവിധ പരിശീലന പരിപാടികൾ നടന്നു വരുന്നുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാനവും നടത്തുന്ന അത്തരം പരിശീലന പരിപാടികളിൽ പൂർണ്ണമായ തോതിൽ പങ്കെടുക്കേണ്ടതുണ്ട്. നവീനമായ പദ്ധതി ഘടകങ്ങളും സാങ്കേതികതയും നന്നായി മനസ്സിലാക്കിയാൽ മാത്രമെ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

അമൃത് 2.0 കേരളത്തിലെ മുഴുവൻ നഗരസഭകളിലുമാണ് നടപ്പിലാക്കുന്നത്. അതിനാൽ തന്നെ നഗര കേരളത്തിന്റെ സമഗ്രമായ വികസനത്തിന് അനുഗുണമായ തരത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കി ശാസ്ത്രീയമായി നടപ്പിലാക്കേണ്ടത് നഗരങ്ങളുടെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. നഗരങ്ങളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്ന പദ്ധതിയാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. കേരളത്തിലെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളിലും അതിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. നഗരസഭാ പരിധിയിലെ ജലാശയങ്ങളുടെ വിവരങ്ങൾ, ജല ശുദ്ധീകരണം, വിതരണം എന്നിവയുടെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നഗര ജല സംതുലന പദ്ധതിയുടെ (City Water Balance Plan) രൂപീകരണം വിവിധ നഗരസഭകളിൽ നടത്തുകയും. 93 നഗരസഭകൾ അവരുടെ പദ്ധതി രേഖ അംഗീകരിച്ച് സമർപ്പിക്കുകയും ചെയ്തു.

അടുത്തതായി നഗര ജല കർമ്മ പദ്ധതി (City Water Action Plan) തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 93 നഗരസഭകളിൽ ജലവിതരണവും ഗാർഹിക ജലവിതരണ കണക്ഷൻ നൽകലും, ജലാശയങ്ങളുടെ പുനരുജ്ജീവനം, പാർക്ക് എന്നീ മേഖലകളിലെ പദ്ധതി തയ്യാറാക്കലും സംസ്ഥാനത്തെ 9 അമൃത് നഗരങ്ങളിലെ സ്വീവേജ് & സെപ്റ്റേജ് മേഖലയിലെ പദ്ധതികളും തയ്യാറാക്കി നൽകേണ്ടതുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടവയാണ്. അമൃത് 2.0 പദ്ധതികളുടെ അംഗീകാരവും പദ്ധതി വിഹിതവും നിശ്ചയിക്കുന്നത് ഇത്തരം ഘടകങ്ങളാകയാൽ എല്ലാ നഗരസഭകളും ഇക്കാര്യങ്ങൾ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന കാര്യം നഗരസഭകൾ ശ്രദ്ധിക്കേണ്ടതാണ്.

**മിഷൻ ഡയറക്ടർ**

**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**അരുൺ കെ. വിജയൻ ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
**സാവിയോ സജി ഇ.ആർ.**

**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com

*(സ്വകാര്യ വിതരണത്തിന് മാത്രം)*

## അമൃത് മിഷൻ ഡയറക്ടറായി ശ്രീ അരുൺ കെ. വിജയൻ ഐ.എ.എസ്. ചുമതലയേറ്റു



അരുൺ കെ. വിജയൻ ഐ.എ.എസ്

അമൃത് മിഷൻ ഡയറക്ടറായി ശ്രീ. അരുൺ കെ. വിജയൻ ഐ.എ.എസ്. ചുമതലയേറ്റു. 2016 ഐ.എ.എസ് ബാച്ചിലെ കേരള കേഡറിൽ ഉദ്യോഗസ്ഥനാണ്. തൃശ്ശൂർ ജില്ലാ വികസന കമ്മീഷണറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. നഗരകാര്യ വകുപ്പ് ഡയറക്ടറായും അമൃത് മിഷൻ ഡയറക്ടറായുമാണ് ശ്രീ. അരുൺ കെ. വിജൻ ഐ.എ.എസ്സിനെ നിയമിച്ചത്.



തൃശ്ശൂർ – ആകാശപ്പാത നിർമാണം പുരോഗമിക്കുന്നു

അമൃത് വാർത്താ പത്രിക

ഏപ്രിൽ 2022

# ഉള്ളടക്കം





5 Report on Start-up Conclave Visit

8 തൃശ്ശൂരിൽ ആകാശപ്പാത

9 കഴക്കൂട്ടം - മുട്ടത്തറ സ്വീവേജ് പദ്ധതി

13 പാലക്കാട് ജലസംസ്ക്കരണ പ്ലാന്റ്

14 പാലക്കാട് വിവിധ പാർക്കുകളുടെ ഉദ്ഘാടനം

15 അഞ്ചുകണ്ടി കണക്ടിംഗ് ഡ്രെയിൻ

16 ടുലിപ് - അനുഭവക്കുറിപ്പുകൾ







മലിനജല സംസ്കരണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ അമൃത് 2.0 യുടെ ഭാഗമായി സംഘടിപ്പിക്കുന്നതിനായി വാഷ് ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധിയുമായി നടത്തിയ ചർച്ച



പി.എഫ്.എം.എസ്., എസ്എൻ.എ. സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ധനകാര്യ വകുപ്പ് ധനകാര്യ മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തിയ പരിശീലന പരിപാടി

# Report on Start-up Conclave Visit






The Ministry of Housing and Urban Affairs organized a National level 'India Water Pitch-Pilot-Scale Start-up Conclave' on 12 March, 2022 at Stein Auditorium, India Habitat Centre, New Delhi, with an aim to start the communication with Start-ups in water sector. The Minister of Housing and Urban Affairs, Shri Hardeep S. Puri launched 'India Water Pitch-Pilot-Scale Start-up Challenge' during the conclave and delivered the keynote address. The Ministry will select 100 start-ups through this challenge, which will provide Rs.20 lakhs as funding support.

The Prime Minister launched the Atal Mission for Rejuvenation and Urban Transformation 2.0 (AMRUT 2.0) on 01 October, 2021 with the aim of making Indian cities 'Aatma Nirbhar' and 'Water Secure'. The Mission envisages to provide functional water tap connections to all urban households, providing universal household coverage of sewerage/septage services in 500 AMRUT cities, undertaking rejuvenation of water bodies, recycle/ reuse of treated used water, rainwater harvesting and provision of green spaces thereby improving ease of living.






The conclave proceedings started at 10 AM with a detailed presentation of AMRUT activities. Additional Secretary & Mission Director, Smt.D. Thara gave the inaugural address requesting States to actively consider promoting start-ups in AMRUT 2.0. The important points stated by the Additional Secretary during the Conclave were: The fact that due to bid qualification criteria Start-ups may not be able to compete in tenders should be given due consideration. It was informed that all **States should organize Start-up conclaves at State level** to high light Start-ups in water & waste water sector, so as to provide a platform for ULBs to understand, choose and conclude opportunities with Start-ups. As a pilot, we can order products and services directly from Start-ups using A&OE funds. Start-ups are encouraged to register with MoHUA, so that they can be empanelled and 100 of them would be selected for providing financial assistance amounting Rs.20 lakh each.

*It was informed that all States should organize Start-up conclaves at State level to highlight Start-ups in water & waste water sector, so as to provide a platform for ULBs to understand, choose and conclude opportunities with Start-ups. As a pilot, we can order products and services directly from Start-ups using A&OE funds.*

7 Start-ups made presentations: 1. Clean Tech Water – Started 2013 - Decentralized STP – houses to community - Retro fitting in Septic tanks - 1 KLD to 500 KLD - SBR technology – air lift technology - Underground installation. 2. Aqua Smart Water Treatment - Reducing NRW - Equitable distribution - Pin point leakage points - Wireless SCADA Systems - Storm Water drain – blockage alerts - Water quality monitoring - Sewer line monitoring. 3. Inside Out - Water hyacinth issue addressed - Making paper out of it – Printable - Bio degradable - Cost for an Unit – 15 lakh – 1000 papers day. 4. Green environment Innovation - Smart water monitoring - Improve water efficiency – STPs. 5. Absolute Water Pvt Ltd, New Delhi - Vermi filter technology - No sludge - No aeration - Least power required - 100% green STP - 100 KLD to 2 MLD - Compact mobile STP. 6. Azhaan Beverage Pvt. Ltd - Natural spring water – Kashmir - Consultant for mineral water plants. 7. Earth Focus - Saving water used - With aerators - Save 95% of water need - 10 L in tap/min to 0.6l/min with mist - Retrofit – to taps - Eco brains materials - Diamond flow – 1.5 l/min.








There was a one hour panel discussion with various experts. Post lunch 15 start-ups made presentations. Water Field Technologies, Vayugal Technologies, Jal-Sevak Solutions, Energy Enviro Pvt. Ltd., Leeyoso Oxy Water, We got Utility Solutions, Train Water Systems Pvt. Ltd., Malba Project, Circle economy, Aryav ecofriendly resources Pvt. Ltd., Hi tech enviro engineers, Reuse of treated water, Fasal, Super Aqua, DBD Water Systems, Standard Tech Water Solutions and Solinas Integrity made presentations.

There were 15 stalls put up by Start-ups. 1. Retas - Rain water harvesting, Water conservation, Fresh water management, Sub surface drainage solutions, Consultancy). **Mission:** To provide scientific, innovation and suitable services working around fresh water ecosystem, To spread awareness on water conservation (from urban area, industrial area to rural area) and become the most trusted partner for the community. **Vision:** To conserve and harvest every possible rain drop. To keep working as a catalyst until water remains a natural resource for everyone, To create and lead the path of journey towards creating a self-sustainable environment by means of 3Rs. i.e. Reduce Water Waste, Recharge Ground Water, Reuse Rain Water. **Vaidic Srijan** – The Sustainable and Holistic approach towards ecological restoration & rejuvenation of Water, Soil and Air – that's Cownomics™ Technology. It includes in situ treatment of water bodies, Rain water harvesting and aquifer recharge, Air pollution, mitigation, Water abundance for drinking & irrigation, Sewage problem solutions. **Arosia water** – making safe, cost effective drinking water accessible to communities around the world. B**ariflo Labs Pvt. Ltd.** – Aeration system, Nutrient Control system, Monitoring System, Weed cleaner, AI-IoT Data Analytics). **Solinas Integrity Pvt. Ltd**. – Solution for pipeline integrity, solution for septic tank cleaning. **NeeRain** – scientific and sensible rooftop rainwater filter for homes, institutions and industries to save Rainwater for daily requirement and recharge. After presentation and discussions, the Conclave came to an end by 4 PM with a vote of thanks by Additional Secretary Smt. D. Thara.





# തൃശ്ശൂരിൽ ആകാശപ്പാതയുടെ നിർമാണം പുരോഗമിക്കുന്നു


അമൃത് പദ്ധതിയിലെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷനിൽ ശക്തൻ തമ്പുരാൻ നഗറിൽ ആകാശപ്പാത നിർമാണം പുരോഗമിക്കുന്നു. കാൽനട യാത്ര സുരക്ഷിതവും ആയാസരഹിതവുമാക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. 5.3 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്.

ശക്തൻ തമ്പുരാൻ നഗറിൽ ഒരുക്കുന്ന ആകാശപ്പാതയുടെ വിവിധ ഭാഗങ്ങൾ കോൺക്രീറ്റ് തൂണിൽ ഉറപ്പിക്കുന്ന പ്രവൃത്തിയാണ് നടന്നുവരുന്നത്. 6 മീറ്റർ ഉയരത്തിലാണ് പാത സ്ഥാപിക്കുന്നത്. ആകാശപ്പാതയ്ക്ക് നാല് കവാടങ്ങളാണ് ഉണ്ടാവുക. പ്രായമായവർക്കും അംഗപരിമിതർക്കും ആകാശപ്പാത ഉപയോഗിക്കുന്നതിനായി ലിഫ്റ്റുകൾ സ്ഥാപിക്കുന്നുണ്ട്. നിർമാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കി 2022 ആഗസ്റ്റ് മാസത്തോടെ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.









# കഴക്കൂട്ടം - മുട്ടത്തറ സ്വീവറേജ് പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു

തിരുവനന്തപുരം നഗരത്തിന്റെ ദ്രവമാലിന്യ സംസ്ക്കരണ രംഗത്ത് ഒരു വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പദ്ധതിയാണ് കഴക്കൂട്ടം-മുട്ടത്തറ സ്വീവേജ് പദ്ധതി. പദ്ധതി വിവിധ ഘട്ടങ്ങളായും പാക്കേജുകളുമായാണ് നടപ്പിലാക്കി വരുന്നത്. അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.



പദ്ധതിയുടെ ഭാഗമായി ഇടത്തറയിൽ സ്വീവറേജ് പമ്പ്ഹൗസ് നിർമ്മിക്കുന്ന പ്രവർത്തിയുടെ 20% പൂർത്തിയായി. ഇതിന്റെ ഭാഗമായി 11 മീറ്റർ വ്യാസമുള്ള കിണറുകളുടെയും ഗ്രിറ്റ് ചേമ്പറിന്റെയും പ്രവർത്തികൾ പുരോഗമിക്കുന്നു. 15 മീറ്റർ ആഴമുള്ള കിണറുകളിൽ പൂന്തി റോഡിലുള്ള ടെർമിനൽ മാൻ ഹോളിൽ നിന്നും സ്വീവേജ് പമ്പ് ഹൗസിലെത്തിക്കാനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇടത്തറ മുതൽ മുട്ടത്തറ വരെ സ്വീവറേജ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ പ്രവർത്തിയുടെ 69% പൂർത്തിയായി. പമ്പിംഗ് മെയിൻ കടന്നു പോകുന്ന കാരാളി എന്ന സ്ഥലത്തെ പ്രദേശ വാസികളുടെ എതിർപ്പ് കാരണം പണി തടസ്സപ്പെട്ടിരിക്കുകയാണ്.

ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട - വെൺപാലവട്ടം റോഡിലൂടെയും, ഗ്രീൻപാർക്ക് റോഡിലൂടെയും ആമയിഴഞ്ചാൻ തോടിനു വശത്തുകൂടി ഇടത്തറ മേഖലയിലെ മാൻഹോൾ വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-2) പ്രവർത്തി പുനർ ദർഘാസ് നടത്തിയിരിക്കുകയാണ്



ഉദയ ഗാർഡനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ  മാൻഹോൾ 89 വരെ സ്വീവറേജ്  ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ് -3) പ്രവർത്തി പൂർത്തീകരിച്ചു കഴിഞ്ഞു.

പേട്ട അരശുംമൂട് ജങ്ഷൻ മുതൽ  ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ7 വരെ സ്വീവറേജ്  പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-4) പ്രവർത്തി 44% പൂർത്തിയായി. ഇതിൽ 960 മീറ്ററിൽ 315 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പിൽ 678 മീറ്ററും 160 മില്ലീ മീറ്ററും എച്ച്.ഡി.പി.ഇ. പൈപ്പിൽ 154 മീറ്ററും പൂർത്തിയായി. കൂടാതെ മാൻഹോളുക ളുടെ നിർമ്മാണം നടന്നു വരുന്നു.

മാൻഹോൾ 110 മുതൽ  മാൻഹോൾ 150 വരെ സ്വീവറേജ്  പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-5) പ്രവർത്തി 28% പൂർത്തിയായി. പ്രസ്തുത പ്രവർത്തിയിൽ 300 മില്ലീമീറ്റർ ആർ.സി.സി. പൈപ്പ് 669 മീറ്ററും 250 മില്ലീമീറ്റർ 114 മീറ്റർ പൈപ്പുമാണ് ഉൾപ്പെട്ടിട്ടുള്ള ത്. ഇതിൽ 121 മീറ്റർ 300 മില്ലീമീറ്റർ ആർ.സി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി  പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികളുടെ നിർമാണം പുരോഗമിച്ച് വരു ന്നു.


മാൻഹോൾ 10 മുതൽ  കിംസ് ആശുപത്രി വരെ എച്ച്.ഡി.ഡി. രീതിയിൽ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-6) പ്രവർത്തി 46% പൂർത്തിയായി. ഇതിൽ 315 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പ് 960 മീറ്ററും, 33 മാൻഹോളുകളുടെ നിർമ്മാണവു മാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 528 മീറ്റർ പൂർത്തിയായി.

ഇടത്തറ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ല.          ഇടത്തറ കിണറിന്റെ മുകളിലാണ് പമ്പ് ഹൗസ് നിർമ്മിക്കേണ്ടത്. കിണറിന്റ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി പ ൂർത്തീകരിക്കുന്നതാണ്.

ആക്കുളത്ത് സ്വീവറേജ് പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം (ബ്ലോക്ക് - കെ) 76% പൂർത്തി യായി. ഈ പ്രവർത്തിയിൽ 6.5 മീറ്റർ വ്യാസമുള്ള 2 കിണറുകളുടെയും ഗ്രിറ്റ് ചേമ്പ റും, പമ്പ് ഹൗസ് എന്നിവയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കിണറിന്റെയും, പമ്പ് ഹൗസിന്റെയും അവസാന ഘട്ട പ്രവർത്തികൾ പുരോഗമിക്കുന്നു.ഗ്രിറ്റ് ചേമ്പറിന്റെ പ ണികളും നടന്നുവരുന്നു.

കുഴിവിള മുതൽ ആക്കുളം വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ (ബ്ലോക്ക് - കെ)  - ബൈപ്പാസ് ജംഗ്ഷനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ ആക്കുളം പ മ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ പ്രവർത്തിയുടെ 79% പൂർത്തിയായി. പ്രസ്തുത പ്രവർത്തിയിൽ 630 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പ് 971 മീറ്ററും, 710 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പ് 282 മീറ്ററും മാൻഹോളുകളുടെ നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 827 മീറ്റർ 630 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പ് ഇടുന്ന പ്രവർത്തികൾ പൂർത്തിയായി. മാൻഹോളുകളുടെ പണികൾ പൂർത്തി യായി വരുന്നു.





**പേട്ട അരശുംമൂട് ജങ്ഷൻ മുതൽ  ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ വരെ സ്വീവറേജ്  പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ്-4) പ്രവർത്തി 44% പൂർത്തിയായി. ഇതിൽ 960 മീറ്ററിൽ 315 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പിൽ 678 മീറ്ററും 160 മില്ലീ മീറ്ററും എച്ച്.ഡി.പി.ഇ. പൈപ്പിൽ 154 മീറ്ററും പൂർത്തിയായി. കൂടാതെ മാൻഹോളുകളുടെ നിർമ്മാണം നടന്നു വരുന്നു.**








**കരിമണൽ പമ്പിംഗ് സ്റ്റേഷൻ നിർമാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള നെറ്റ് വർക്ക് നിർമാണവുമാണ് ജെ ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജെ ബ്ലോക്കിലെ പ്രവൃത്തികളെ 3 പാക്കേജുകളായും പാർട്ടുകളായും തിരിച്ചിട്ടുണ്ട്. കരിമണൽ പമ്പിംഗ് സ്റ്റേഷന്റെ നിർമാണം 86% പൂർത്തീകരിച്ചിട്ടുണ്ട്.**

ആക്കുളം പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് ആക്കുളം പമ്പ് ഹൗസിന്റെ നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞതിനു ശേഷം മാത്രമെ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. മുട്ടത്തറ സ്വീവേജ് സംസ്കരണശാലയിലെ ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള പദ്ധതി പുനർ ദർഘാസ് ചെയ്തിരിക്കുകയാണ്.

കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കലും, കഴക്കൂട്ടം മുതൽ കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലുമാണ് ഐ ബ്ലോക്കിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ. ഐ ബ്ലോക്കിലെ പ്രവൃത്തികളെ 4 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. കുളത്തൂർ പമ്പിംഗ് സ്റ്റേഷൻ മുതൽ അരശുംമൂട് വരെ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് പാക്കേജ് 1 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാക്കേജ് 1 ലെ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കുളത്തൂർ പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കലും പമ്പ് സെറ്റ്, ട്രാൻസ്ഫോമർ, അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലുമാണ് പാക്കേജ് 2 ലും 4 ലും ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ട് പാക്കേജുകളും ഒരുമിച്ചാണ് ടെന്റർ നടപടികൾ പൂർത്തീകരിച്ചത്. പമ്പിംഗ് സ്റ്റേഷന്റെ നിർമാണം 32% പൂർത്തിയാക്കി. മറ്റുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. തെറ്റിയാർ തോടിലൂടെ ട്രങ്ക് മെയിൻ പൈപ്പ് സ്ഥാപിക്കലാണ് പാക്കേജ് 3 ൽ ഉൾപ്പെടിത്തിയിരിക്കുന്നത്. പാക്കേജ് 3 ന്റെ ടെന്റർ നടപടികൾ പുരോഗമിച്ചുവരുന്നു.

കരിമണൽ പമ്പിംഗ് സ്റ്റേഷൻ നിർമാണവും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള നെറ്റ് വർക്ക് നിർമാണവുമാണ് ജെ ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജെ ബ്ലോക്കിലെ പ്രവൃത്തികളെ 3 പാക്കേജുകളായും പാർട്ടുകളായും തിരിച്ചിട്ടുണ്ട്. കരിമണൽ പമ്പിംഗ് സ്റ്റേഷന്റെ നിർമാണം 86% പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് സ്റ്റേഷനിലെ പമ്പ് സെറ്റ്, ട്രാൻസ്ഫോമർ, അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നിർമാൺ ഇലക്ട്രിക്കൽസ് എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഉപകരണങ്ങൾ പ്രീ ഡെലിവറി ഇൻസ്പെക്ഷന് തയ്യാറാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. പമ്പ് ഹൗസിലെ കിണറിന്റെ ജോലികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ ഇവ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.





സ്വീവേജ് നെറ്റ്‌വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി അരശുമൂട് മുതൽ റോഡിന്റെ ഇരുവശത്തും ട്രങ്ക് മെയിനുമായി സ്വീവേജ് നെറ്റ് വർക്ക് കൂട്ടിയോജിപ്പിക്കൽ എന്ന പ്രവൃത്തിയാണ് പാക്കേജ് 1 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാർട്ട് 1 : അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷൻ വരെ ട്രങ്ക് മെയിനിൽ മാൻഹോളുകൾ നിർമിക്കുന്ന പ്രവൃത്തി. ആകെയുള്ള 22 മാൻ ഹോളിൽ 10 എണ്ണത്തിന്റെ അടിസ്ഥാന റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവർത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പാർട്ട് 2: അരശുംമൂട് മുതൽ കരിമണൽ വരെയുള്ള പൈപ്പ് ലൈനിൽ അരശുംമുട് സ്റ്റില്ലിംഗ് ചേംബർ മുതൽ ആദ്യത്തെ 740 മീറ്റർ ദൂരത്തിൽ മാൻഹോളുകൾ ബന്ധപ്പെടുത്തുന്ന പ്രവൃത്തി. ഈ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പാർട്ട് 3: അരശുംമൂട് മുതൽ കരിമണൽ വരെയുള്ള പൈപ്പ് ലൈനിൽ അരശുംമുട് സ്റ്റില്ലിംഗ് ചേംബർ മുതൽ രണ്ടാമത്തെ 710 മീറ്റർ ദൂരത്തിൽ മാൻഹോളുകൾ ബന്ധപ്പെടുത്തുന്ന പ്രവൃത്തി. ഈ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പാർട്ട് 4: അരശുംമൂട് മുതൽ കരിമണൽ വരെയുള്ള പൈപ്പ് ലൈനിൽ അരശുംമുട് സ്റ്റില്ലിംഗ് ചേംബർ മുതൽ ആദ്യത്തെ 1450 മീറ്റർ ദൂരത്തിന് ശേഷം കരിമണൽ പമ്പ് ഹൗസ് വരെ വരുന്ന 650 മീറ്റർ ദൂരത്തെ മാൻഹോളുകൾ ബന്ധപ്പെടുത്തുന്ന പ്രവൃത്തി. ഈ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

സ്വീവേജ് നെറ്റ്‌വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കുന്നതിന്റെ ഭാഗമായി ബൈ പാസ്സ് ജംഗ്ഷൻ മുതൽ കുഴിവിള വരെ എച്ച്.ഡി.ഡി. രീതിയിൽ മാൻഹോൾ നിർമിച്ച് സ്വീവേജ് നെറ്റ് വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പാക്കേജ് 2 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കേജ് 2 ന്റെ എസ്റ്റിമേറ്റ് റിവിഷൻ നടത്തി ടെന്റർ നടപടികൾ പുരോഗമിക്കുന്നു. അരശുംമൂട് മുതൽ റോഡിന്റെ ഇരുവശത്തും ട്രങ്ക് മെയിൻ മാൻഹോളിൽ നിന്നും വീടുകൾക്ക് കണക്ഷൻ നൽകുന്നതിന്റെ ഭാഗമായുള്ള ഇന്റർ കണക്ഷൻ വർക്കുകളാണ് പാക്കേജ് 3 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കേജ് 3 ന്റെ 26% പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. അരശുംമൂട് മുതൽ കരിമണൽ വരെയുള്ള പൈപ്പ് ലൈനിന്റെ പദ്ധതി പൂർത്തിയാക്കിയാൽ മാത്രമെ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

പുലയാനാർകോട്ട സ്റ്റില്ലിംഗ് ചേംബർ മുതൽ എം.എച്ച്. 10 ഇടത്തറ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവേജ് ട്രങ്ക് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് എൽ ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എൽ ബ്ലോക്കിലെ 76% പ്രവൃത്തിയും പൂർത്തീകരിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.







# പാലക്കാട് ജലസംസ്കരണ പ്ലാന്റ് നിർമാണം പുരോഗമിക്കുന്നു



അമൃത് മിഷന്റെ ഭാഗമായി പാലക്കാട് മുനിസിപ്പാലിറ്റിയിൽ ജലവിതരണ മേഖലയിൽ 45 എം.എൽ.ഡി. ശേഷിയുള്ള ജലവിതരണ പ്ലാന്റിന്റെ നിർമാണ പ്രവൃത്തികൾ മലമ്പുഴയിൽ പുരോഗമിച്ചു വരുന്നു. 24.50 കോടി രൂപ ചെലവിൽ നിർമിക്കുന്ന പ്ലാന്റിന്റെ നിർമാണ ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്.

നിലവിൽ പാലക്കാട് മുനിസിപ്പാലിറ്റിക്കും സമീപത്തെ 5 പഞ്ചായത്തുകൾക്കുമുള്ള ജലവിതരണ സ്രോതസ്സ് മലമ്പുഴ അണക്കെട്ടാണ്. 2020 ലെ കണക്ക് പ്രകാരം പാലക്കാട് മുനിസിപ്പാലിറ്റിയിലെ പ്രൊജക്റ്റഡ് ജനസംഖ്യ 1,39,587 ആയും ആവശ്യമുള്ള ജലത്തിന്റെ അളവ് 20.94 എം.എൽ.ഡി. യുമായാണ് കണക്കാക്കിയിരിക്കുന്നത്. 2050 ൽ പാലക്കാട് നഗരസഭയിലെ ജനസംഖ്യ 1,72,683 ആയി ഉയരുകയും അപ്പോൾ ആവശ്യമായ ജലത്തിന്റെ അളവ് 25.90 എം.എൽ.ഡി. യുമായാണ് കണക്കാക്കിയിരിക്കുന്നത്. ഭാവിയിലെ ഈ ആവശ്യങ്ങൾ കൂടി മുന്നിൽ കണ്ടാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2017 നവംബർ മാസം 8 നാണ് പദ്ധതി ടെന്റർ ചെയ്തത്. 2020 ജൂൺ 15 ന് നിർമാണ പ്രവൃത്തികൾക്ക് തുടക്കമായി. നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.



പാലക്കാട്

# നിർമാണം പൂർത്തിയായ പാർക്കുകൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തു

പാലക്കാട് നഗരസഭാ പരിധിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച സർദാർ വല്ലഭായി പട്ടേൽ മെമ്മോറിയൽ പാർക്കിന്റെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ശ്രീമതി പ്രിയ അജയൻ നിർവ്വഹിച്ചു. അടിസ്ഥാന സൗകര്യങ്ങളും, കളിയുപകരണങ്ങളും നടപ്പാതയുമുൾപ്പടെ 37 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കാണ് പാർക്ക് പൂർത്തീകരിച്ചത്.



പാലക്കാട് നഗരസഭാ പരിധിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച നേതാജി സുഭാഷ് ചന്ദ്രബോസ് പാർക്കിന്റെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ശ്രീമതി പ്രിയ അജയൻ നിർവ്വഹിച്ചു. അടിസ്ഥാന സൗകര്യങ്ങളും, കളിയുപകരണങ്ങളുമുൾപ്പടെ 40 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കാണ് പാർക്ക് പൂർത്തീകരിച്ചത്.



പാലക്കാട് നഗരസഭാ പരിധിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച ജനറൽ ബിപിൻ റാവത്ത് സ്മാരക പാർക്കിന്റെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ശ്രീമതി പ്രിയ അജയൻ നിർവ്വഹിച്ചു. അടിസ്ഥാന സൗകര്യങ്ങളും, കളിയുപകരണങ്ങളുമുൾപ്പടെ 31 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കാണ് നിർമാണം പൂർത്തീകരിച്ചത്.



കണ്ണൂർ

# അഞ്ചുകണ്ടി & കണകട്ടിംഗ് ഡ്രെയിൻ നിർമാണം പൂർത്തിയായി

നിർമാണം പുരോഗമിക്കുന്ന കണ്ണൂർ എസ്.റ്റി.പി.







കണ്ണൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഓടകളും തോടുകളും വർഷങ്ങളായി വൃത്തിഹീനമായി കിടക്കുകയാണ്. മഴക്കാലമെത്തിയാൽ നഗരത്തിലെ വെള്ളക്കെട്ടിന് ഒരുപരിധിവരെ ഈ തോടുകളും ഓടകളും കാരണമാകാറുണ്ട്.

അമൃത് പദ്ധതിയിലെ സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ ഉൾപ്പെടുത്തി ഈ ഓടകളും തോടുകളും ചെളിയും മാലിന്യവും നീക്കി പാർശ്വങ്ങൾ ബലപ്പെടുത്തി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു.

ഏകദേശം 3000 ൽ പരം ആളുകൾ താമസിക്കുന്ന പ്രദേശത്തെ വെള്ളക്കെട്ട് പൂർണ്ണമായും ഒഴിവാക്കാൻ ഈ പദ്ധതി പൂർത്തീകരണത്തിലൂടെ സാധിച്ചു. 2.50 കി.മീ ദൂരത്തിൽ കോൺക്രീറ്റ് ചെയ്ത് വശങ്ങൾ ബലപ്പെടുത്തിയാണ് ഓട നിർമിച്ചിരിക്കുന്നത്. ഒഴുക്കില്ലാതെ മലീമസമായി കിടന്ന തോടിലെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്ത് മലിന ജലം സുഗമമായി ഒഴുകിപോകുന്നതിന് സാധ്യമാകും വിധം നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു.





**അഞ്ചു കെ. സജു**
കൊച്ചി കോർപ്പറേഷൻ

**" സിവിൽ എഞ്ചിനീയറിംഗ് ബിരുദദാരിയായ എനിക്ക് നഗരസഭ ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗ സ്ഥരുമായി ചേർന്ന് പ്രവർത്തിക്കാനും അതു വഴി മുതിർന്ന ഉദ്യോഗസ്ഥ രുടെ അനുഭവജ്ഞാനവും പ്രവർത്തി പരിചയവും സ്വായത്തമാക്കുവാനും സാധിച്ചു.**




കേന്ദ്ര സർക്കാരിന്റെ ടുലിപ് ഇന്റേൺഷിപ്പിന്റെ ഭാഗമായി കൊച്ചി സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ സെക്ഷനിൽ ഇന്റേണായി ആണ് ഞാൻ പ്രവർത്തിച്ചത്. സിവിൽ എഞ്ചിനീയറിംഗ് ബിരുദദാരിയായ എനിക്ക് നഗരസഭ ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തിക്കാനും അതുവഴി മുതിർന്ന ഉദ്യോഗസ്ഥരുടെ അനുഭവജ്ഞാനവും പ്രവർത്തി പരിചയവും സ്വായത്തമാക്കുവാനും സാധിച്ചു.

വാട്ടർ ടാങ്ക്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പൈപ്പ് ലൈൻ എന്നിവയുടെ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രവർത്തിക്കുവാനും ഓരോ ഘട്ടങ്ങളിൽ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുവാനും, പ്രോജക്ട് മുൻപോട്ട് കൊണ്ടുപോകുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുവാനും ഈ കാലയളവിൽ എനിക്ക് സാധിച്ചു. പൂർത്തിയായ വാട്ടർ സപ്ലൈ പ്രോജക്ടിന്റെ ക്ലോഷർ ഡോക്യുമെന്റ് തയ്യാറാക്കുന്നതിൽ പങ്കെടുത്തതുവഴി ഓരോ പ്രോജക്ടിനെയും പറ്റി കൂടുതലായി അറിയുവാൻ സാധിച്ചു. എന്റെ കരിയറിന്റെ പ്രാഥമിക ഘട്ടത്തിൽ എനിക്ക് കിട്ടാവുന്ന മികച്ച അവസരമായിരുന്നു ടുലിപ് ഇന്റേൺഷിപ്പ്. എന്റെ പ്രവർത്തങ്ങൾക്ക് മാർഗ നിർദ്ദേശങ്ങൾ നൽകിയ അർബൻ പ്ലാനർ സന്തോഷ് സാറിനും അർബൻ ഇൻഫ്രാ സ്ട്രക്ച്ചർ എക്സപർട്ട് സിജു സാറിനും അമൃത് എഞ്ചിനീയറിംഗ് ടീമിനും മറ്റ് ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുന്നു.

എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കി ഒരു ജോലി അന്വേഷിച്ച് നടന്ന എനിക്ക് സ്വപ്ന തുല്യമായ തുടക്കമാണ് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ടുലിപ് പദ്ധതിയുടെ ഭാഗമായി അമൃത് പദ്ധതിയിൽ ഇന്റേൺഷിപ്പ് ചെയ്യാനുള്ള അവസരം ലഭിച്ചതിലൂടെ നേടാനായത്. തൃശ്ശൂർ കോർപ്പറേഷന്റെ മുഖഛായ തന്നെ മാറ്റാനുതകുന്ന വിവിധങ്ങളായ പദ്ധതികളുടെ ഭാഗമാകുവാൻ ഇതിലൂടെ എനിക്ക് സാധിച്ചു.

മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരിയായ എനിക്ക് സ്വീവേജ് സെപ്റ്റേജ് സെക്ടറിലെ ട്രീറ്റ്മെന്റ് പ്ലാന്റിലുപയോഗിക്കുന്ന ഉപകരണങ്ങളെക്കുറിച്ച് പഠിക്കുവാൻ അവസരം ലഭിച്ചു. അവയുടെ കാര്യക്ഷമത പരിശോധിച്ചറിയുന്നതിനും അവസരം ലഭിച്ചു. വിവിധ പദ്ധതികളുടെ ഡി.പി.ആർ. കൾ വായിക്കുന്നതിനും പഠിക്കുന്നതിനും സാധിച്ചു. വിവിധ സെക്ടറുകളിലെ വ്യത്യസ്തമായ പദ്ധതികളെ അടുത്തറിയുവാനും അവയുടെ സൈറ്റ് വിസിറ്റ് ചെയ്യുന്നതിനും കഴിഞ്ഞു. പദ്ധതികൾ പ്രായോഗികതലത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന തടസ്സങ്ങൾ മനസ്സിലാക്കുവാനും അവ പ്രായോഗികമായി പരിഹരിക്കുന്നതും നേരിട്ട് അനുഭവിച്ച് അറിഞ്ഞ് മനസ്സിലാക്കുവാൻ സാധിച്ചു.

അമൃത് സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ അർബൻ പ്ലാനർ, അർബൻ ഇൻഫ്രാസ്ട്രക്ച്ചർ എക്സപർട്ട് കോർപ്പറേഷനിലെ എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവ





**അക്ഷയ് ഷാജി**
തൃശ്ശൂർ കോർപ്പറേഷൻ

**" മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദ ധാരിയായ എനിക്ക് സ്വീവേജ് സെപ്റ്റേജ് സെക്ടറിലെ ട്രീറ്റ്മെന്റ് പ്ലാന്റിലുപയോഗിക്കുന്ന ഉപകരണങ്ങളെക്കുറിച്ച് പഠിക്കുവാൻ അവസരം ലഭിച്ചു. അവയുടെ കാര്യക്ഷമത പരിശോധി ച്ചറിയുന്നതിനും**

# അമൃത് പദ്ധതി സൂചിക (31.03.2022 പ്രകാരം)

## കേരളം
2357.69 കോടി രൂപയുടെ 1000 പദ്ധതികൾ
2389.43 കോടി രൂപയുടെ 1000 പദ്ധതികൾക്ക് ഭരണാനുമതി
2277.74 കോടി രൂപയുടെ 999 പദ്ധതികൾക്ക് സാങ്കേതികാനുമതി
2267.39 കോടി രൂപയുടെ 999 പദ്ധതികൾ ടെന്റർ ചെയ്തു
2014.96 കോടി രൂപയുടെ 984 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
785 പദ്ധതികൾ പൂർത്തീകരിച്ചു. 1333.67 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം
357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെന്റർ ചെയ്തു
323.21 കോടി രൂപയുടെ 266 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
238 പദ്ധതികൾ പൂർത്തീകരിച്ചു. 223.85 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം
253.45 കോടി രൂപയുടെ 59 പദ്ധതികൾ
311.72 കോടി രൂപയുടെ 59 പദ്ധതികൾക്ക് ഭരണാനുമതി
299.01 കോടി രൂപയുടെ 59 പദ്ധതികൾക്ക് സാങ്കേതികാനുമതി
294.67 കോടി രൂപയുടെ 59 പദ്ധതികൾ ടെന്റർ ചെയ്തു
176.30 കോടി രൂപയുടെ 56 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
45 പദ്ധതികൾ പൂർത്തീകരിച്ചു. 84.30 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ
222.70 കോടി രൂപയുടെ 194 പദ്ധതികൾ
219.65 കോടി രൂപയുടെ 194 പദ്ധതികൾക്ക് ഭരണാനുമതി
218.07 കോടി രൂപയുടെ 194 പദ്ധതികൾക്ക് സാങ്കേതികാനുമതി
218.07 കോടി രൂപയുടെ 194 പദ്ധതികൾ ടെന്റർ ചെയ്തു
212.97 കോടി രൂപയുടെ 191 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
150 പദ്ധതികൾ പൂർത്തീകരിച്ചു. 173.87 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി
328.78 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെന്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
79 പദ്ധതികൾ പൂർത്തീകരിച്ചു. 145.46 കോടി രൂപ നാളിതുവരെ ചെലവഴിച്ചു


## തൃശ്ശൂർ
269.93 കോടി രൂപയുടെ 108 പദ്ധതികൾ
258.35 കോടി രൂപയുടെ 108 പദ്ധതികൾക്ക് ഭരണാനുമതി
235.78 കോടി രൂപയുടെ 107 പദ്ധതികൾക്ക് സാങ്കേതികാനുമതി
235.78 കോടി രൂപയുടെ 107 പദ്ധതികൾ ടെന്റർ ചെയ്തു
189.48 കോടി രൂപയുടെ 106 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
80 പദ്ധതികൾ പൂർത്തീകരിച്ചു. 137.04 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ഗുരുവായൂർ
203.10 കോടി രൂപയുടെ 33 പദ്ധതികൾ
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെന്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
13 പദ്ധതികൾ പൂർത്തീകരിച്ചു. 139.66 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്
221.75 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.47 കോടി രൂപയുടെ 150 പദ്ധതികൾ ടെന്റർ ചെയ്തു
174.66 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
110 പദ്ധതികൾ പൂർത്തീകരിച്ചു. 165.09 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്
274.76 കോടി രൂപയുടെ 50 പദ്ധതികൾ
308.14 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
307.61 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
305.47 കോടി രൂപയുടെ 50 പദ്ധതികൾ ടെന്റർ ചെയ്തു
305.47 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
46 പദ്ധതികൾ പൂർത്തീകരിച്ചു. 118.95 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ
225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
205.74 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
205.52 കോടി രൂപയുടെ 38 പദ്ധതികൾ ടെന്റർ ചെയ്തു
202.92 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 145.46 കോടി രൂപ നാളിതുവരെ ചെലവഴിച്ചു




Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014